2004-2005-ൽ

50% കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കായി 6.39 ലക്ഷം രൂപ, 75% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 811.32 ലക്ഷം രൂപയും മാക്രോ മാനേജ്മെന്റിന് 4583.19 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. കബനീ നദീതട പദ്ധതിയ്ക്കായി 252.15 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ഇ) ഒരു സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക മുഴുവനായി ചെലവാക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ അടുത്ത വർഷം കേന്ദ്ര സർക്കാർ റീ-വാലിഡേഷൻ അനുമതി നൽകാറുണ്ട്. ആയതിനാൽ ടി കേന്ദ്ര സഹായം സംസ്ഥാന സർക്കാരിന് നഷ്ടമാകുന്നില്ല.

ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാൻ നടപടി

113 [415] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*

,, *ബി. വിജയകുമാർ:*

,, *എ. കെ. മണി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യങ്ങൾക്ക് വെള്ളം ഉപയോഗിച്ചുകൊണ്ടിരുന്ന എത്ര കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും ഇപ്പോൾ ഉപയോഗിക്കാതെ കിടപ്പുണ്ട്;

(ബി) ഈ കുളങ്ങളെയും ജലസ്രോതസ്സുകളെയും പുനരുജ്ജീവിപ്പിക്കുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇക്കാര്യത്തിൽ ഒരു പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ച് കേന്ദ്ര സഹായം ലഭിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് കോഴിക്കോട് ജലവിഭവ വികസനകേന്ദ്രം 1989-ൽ കേരളത്തിൽ വിവിധ ഉപയോഗങ്ങൾക്കായി നിലവിലുള്ള കുളങ്ങളെക്കുറിച്ചും മറ്റ് ജലസ്രോതസ്സുകളെക്കുറിച്ചും നടത്തിയ പഠന റിപ്പോർട്ട് പ്രകാരം 0.5 ഹെക്ടറോ അതിൽ കൂടുതലോ വിസ്തൃതിയുള്ള കുളങ്ങൾ പഠന വിധേയമാക്കിയപ്പോൾ അപ്രകാരമുള്ള 995 കുളങ്ങളിൽ 766 എണ്ണം ജലസേചനാവശ്യത്തിനായി ഉപയോഗിക്കുന്നുവെന്നും ബാക്കിയുള്ള 229 എണ്ണം ഉപയോഗപ്പെടുത്തുന്നില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്.

(ബി) & (സി) കൃഷിയുമായി നേരിട്ട് ബന്ധമുള്ള ജലാശയങ്ങളുടെ കേടുപാടു പോക്കൽ, നവീകരണം, സംരക്ഷണം എന്ന സെൻട്രലി സ്പോൺസേർഡ് സ്കീം നിലവിലുണ്ട്. ഇതിൽ കേരളത്തിൽ നിന്നും പാലക്കാട്, പത്തനംതിട്ട ജില്ലകളെ തെരഞ്ഞെടുക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റിലേക്ക് ജലവിഭവ വകുപ്പിൽ നിന്ന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly